ളിലും പ്രത്യേക ഹൈവേ പട്രോളിംഗും വാഹന പരിശോധനയും നടത്തിവരുന്നുണ്ട്.

സംസ്ഥാനത്തെ മോഷണക്കേസ്സുകൾ

43 (2972)ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത്സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1997-98, 1998-99 വർഷങ്ങളിൽ നടന്ന മോഷണ കേസ്സുകളിലെല്ലാംകൂടി എത്ര രൂപയുടെ സാധനങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) ഇതിൽ എത്ര മോഷണസാധനങ്ങൾ കണ്ടെടുത്തിട്ടുണ്ട്; ഇനിയും എത്ര കണ്ടുപിടിക്കാനുണ്ട്;

(സി) മോഷണം പോയ സാധനങ്ങൾ കണ്ടുപിടിക്കുന്നതിന് പോലീസ് പ്രവർത്തനം തൃപ്തികരമാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു; വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)ഡോഗ് സ്ക്വാഡിന്റേയും ക്രൈം സ്റ്റോപ്പർ സംവിധാനത്തിന്റെയും മോഡസ് ഓപ്പറാന്റി ബ്യൂറോയുടേയും ത്വരിതഗതിയിൽ ഫിംഗർപ്രിന്റ് താരതമ്യ പഠനം നടത്തി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിനുള്ള കമ്പ്യൂട്ടർ സംവിധാനത്തിന്റെയും സേവനം ഇത്തരം കുറ്റകൃത്യങ്ങൾ തെളിയിക്കുന്നതിനായി ഉപയോഗിക്കുന്നു. ഇവയ്ക്ക് പുറമേ മുൻകാലങ്ങളിൽ മോഷണക്കേസ്സുകളിൽ പ്രതികളായവരെ ചെക്കുചെയ്ത്, അവരുടെ ഹിസ്റ്ററി ഷീറ്റ് പരിശോധിച്ച് ഓരോ കളവിന്റേയും നിജസ്ഥിതി പരിശോധിച്ച് അതുവഴി കുറ്റവാളികളെ പിടികൂടാൻ ശ്രമിക്കുന്നുണ്ട്.

പോലീസ് സേനാംഗങ്ങൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം

44 (2973)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ പോലീസ് സേനാംഗങ്ങൾക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നൽകുന്ന പരിശീലനം താഴെത്തട്ടിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പോലീസ് സേനാംഗങ്ങൾക്ക് ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്നതിനു പ്രത്യേക സംവിധാനം എന്തെങ്കിലുമുണ്ടോ എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് പോലീസ് ട്രെയിനിംഗ് കോളേജിൽ ഇൻസർവീസ് ട്രെയിനിംഗ് നൽകിവരുന്നു. ജില്ലാതലത്തിൽ പോലീസുകാർ മുതൽ മുകളിലേക്ക് റാങ്കുള്ള ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നടത്തി വരുന്നുണ്ട്. ശാസ്ത്രീയമായ കുറ്റാന്വേഷണ രീതികളിലും നിയമകാര്യങ്ങളിലും വകുപ്പു നടപടിക്രമങ്ങളിലും ട്രെയിനിംഗ് നൽകുന്നതിനു പുറമേ ഡ്രിൽ, പി.റ്റി., വെപ്പൺ ട്രെയിനിംഗ്, ജൂഡോ, കരാട്ടേ എന്നിവയിലും വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. കൂടാതെ പോലീസ് സേനാംഗങ്ങളുടെ പരിശീലനം പരിഷ്കരിക്കുന്നതിന് ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

പോലീസ് ജുഡീഷ്യൽ കസ്റ്റഡിയിൽ വച്ചുള്ള മരണം

45 (2974) ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിൽ വച്ചോ ജുഡിഷ്യൽ കസ്റ്റഡിയിൽ വച്ചോ മരണമടയുന്നവരുടെ ബന്ധുക്കൾക്ക് ഗവൺമെന്റിൽനിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകാറുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രപേർ പോലീസ് കസ്റ്റഡിയിലും എത്രപേർ ജുഡീഷ്യൽ കസ്റ്റഡിയിലുംവച്ച് മരിച്ചിട്ടുണ്ട്;

(സി) അവരുടെ ബന്ധുക്കൾക്ക് എന്തെങ്കിലും സാമ്പത്തികസഹായം ഗവൺമെന്റിൽനിന്നും നൽകിയിട്ടുണ്ടോ;

(ഡി) പ്രകൃതിക്ഷോഭം മൂലമോ ട്രാഫിക് അപകടംമൂലമോ മറ്റു അപകടങ്ങൾമൂലമോ മരണപ്പെടുന്നവരുടെ അടുത്ത ബന്ധുക്കൾക്ക് ധനസഹായം ചെയ്യുന്നതുപോലെ പോലീസ് കസ്റ്റഡിയിൽവച്ചും ജുഡീഷ്യൽ കസ്റ്റഡിയിൽവച്ചും നടക്കുന്ന മരണങ്ങൾ അപകട മരണമായി കണക്കാക്കി അവരുടെ ബന്ധുക്കൾക്ക് ധനസഹായം നൽകാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കുന്ന കേസ്സുകളിലും അർഹതപ്പെട്ട മറ്റു കേസ്സുകളിലും കസ്റ്റഡിയിൽ മരണമടയുന്ന ആളുടെ ബന്ധുക്കൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകാറുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ ഇതിനുള്ള നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly